**File No.LSGD-FM3/10/2020-LSGD**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് - കുടിവെള്ള വിതരണത്തിന് അധികമായി ചെലവായ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.303/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/02/2020

---

പരാമർശം:- 1)02/03/2019 ലെ സ.ഉ(സാധാ)നം.500/19/തസ്വഭവ ഉത്തരവ്

2)വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 09/05/2019ലെ 3/1 നമ്പർ തീരുമാനവും, 29/05/2019 ലെ നം.1/1നമ്പർ തീരുമാനവും.

3) വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12/12/2019 ലെ കത്ത്.

**ഉത്തരവ്**

വണ്ണപ്പുറം ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ 16/04/2019 മുതൽ 31/5/2019 വരെ കുടിവെള്ള വിതരണം നടത്തിയ വകയിൽ 17,04,100/- രൂപ കരാറുകാരന് നല്കേണ്ടതുണ്ട്. പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ 11,00,000/- രൂപയിൽ അധികരിച്ച 6,04,100/- രൂപ ജില്ലാകളക്ടർമാക്ക് അനുവദിച്ച 50 ലക്ഷം രൂപയിൽ നിന്നും ലഭ്യമാക്കുന്നതിനായി ജില്ലാകളക്ടർ മുൻപാകെ അപേക്ഷ നൽകിയിരുന്നെങ്കിലും ആയത് ഇതുവരെ ലഭ്യമായിട്ടില്ലെന്നും ആയതിനാൽ പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്നുമാണ് പരാമർശം 2 പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വണ്ണപ്പുറം ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ കരാറുകാരന് നല്കേണ്ട തുകയിൽ, സർക്കാർ ഉത്തരവിൽ നിന്നും അധികരിച്ച് വരുന്ന 6,04,100/- (ആറ് ലക്ഷത്തി നാലായിരത്തി ഒരുനൂറ്) രൂപ ഗ്രാമപഞ്ചായത്തിന്റ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി

ജില്ലാ കളക്ടർ, ഇടുക്കി

പ്രസിഡന്റ്/സെക്രട്ടറി, വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്, തൊടുപുഴ, ഇടുക്കി

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ &-എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

File No.LSGD-FM3/10/2020-LSGD

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Validity unknown

Digitally signed by SMITHA B CHANDRA
Date: 2020.02.05 15:31:23 IST
Reason: Approved

സെക്ഷൻ ഓഫീസർ